# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *168 — 3/10/2011 ൽ മറുപടിക്ക്

**ഒരു രൂപാ നിരക്കിൽ അരിവിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>,, എം. ചന്ദ്രൻ<br>,, സി. കൃഷ്ണൻ<br>,, സി.കെ. സദാശിവൻ | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) തൊഴിലെടുക്കുന്ന കുടുംബങ്ങളെല്ലാം വിലക്കയറ്റത്തിന്റെ ദുരിതം പേറുന്നവരാണെന്ന് അറിയാമോ; | (എ) തൊഴിലെടുക്കുന്ന കുടുംബങ്ങളെല്ലാം വിലക്കയറ്റത്തിന്റെ ദുരിതം പേറുന്നുണ്ട് എന്ന് പറയാനാവില്ല. ചെയ്യുന്ന ജോലിക്ക് ന്യായമായ ശമ്പളം ലഭിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. സർക്കാരിന്റെ കാലോചിതമായ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഈ മേഖലയിലെ കുടുംബങ്ങൾക്ക് അനുഗ്രഹമായിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ നിത്യോപയോഗ വസ്തുക്കളുടെ ആവശ്യകത മിക്കവാറും പൊതുവിതരണ സമ്പ്രദായത്തെയും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യധാന്യ വരവിനെയും ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. പൊതുവിതരണ സമ്പ്രദായം വഴി കേന്ദ്രസർക്കാർ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ യഥാസമയം വിട്ടെടുത്ത് പരാതിയ്ക്ക് ഇട വരുത്താതെ അർഹതപ്പെട്ട ജന വിഭാഗങ്ങൾക്ക് കാര്യക്ഷമമായി വിതരണം നടത്തി വരുന്നു. |
| (ബി) തൊഴിലെടുക്കുന്ന എല്ലാ കുടുംബങ്ങളേയും ഒരു രൂപാ നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താമോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ? | (ബി) ഇപ്പോൾ എല്ലാ ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്കും യഥാക്രമം 25 കിലോ /35 കിലോ വീതം അരി കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ പ്രതിമാസം നൽകി വരുന്നുണ്ട്. തൊഴിലെടുക്കുന്ന എല്ലാ കുടുംബങ്ങളെയും ഒരു രൂപാ നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.